**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2874** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിലവിലത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി NRDWP-യിൽ ഉൾപ്പെടുത്തി 35.00 കോടി രൂപയുടെ ഭരണാനുമതി 2014-ൽ നൽകിയിരുന്നു. ഈ തുകയിൽ Intake well, ജലശുദ്ധീകരണശാല(50 mld)എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം ജൂൺ 2019 ൽ പൂർത്തീകരിച്ചു. മാന്നാർ മുല്ലശ്ശേരിക്കടവിൽ കിണറിന്റെ പ്രവൃത്തി 40% പൂർത്തിയാകുകയും ബാക്കി പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 35.00 കോടി രൂപയുടെ ഭരണാനുമതി Green Book State Plan-ൽ 2017-ൽ നൽകിയിരുന്നു . ഇതിൽ പള്ളിപ്പാട് പഞ്ചായത്തിലെ 14 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിയുടെ നിർമ്മാണം, Raw water pumping main-(5.7കി.മീ.) എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഉന്നതതല സംഭരണിയുടെ പണികൾ പൂർത്തിയായി. റോ വാട്ടർ പമ്പിംഗ് മെയിന്റെ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ച തുകയിൽ ലിമിറ്റ് ചെയ്ത് ദർഘാസ് ക്ഷണിക്കുന്നതാണ്. ശേഷിക്കുന്ന 3.3കി.മീ റോ വാട്ടർ പമ്പിംഗ് മെയിൻ, 10 പഞ്ചായത്തുകളായ ചേപ്പാട്, ചെറുതന, പള്ളിപ്പാട്, കരുവാറ്റ, കുമാരപുരം, കാർത്തികപ്പള്ളി, ചിങ്ങോലി, മുതുകുളം, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികൾ, ക്ലിയർവാട്ടർ ട്രാൻസ്മിഷൻ മെയിൻ - 52 കി.മീ, വിതരണശൃംഖല 900 കി.മീ. (10 പഞ്ചായത്തുകൾ). ഹരിപ്പാട് മുനിസിപ്പാലിറ്റി ഒഴികെയുള്ളവയുടെ എസ്റ്റിമേറ്റും, ഡിപിആർ എന്നിവയും ജൽ ജീവൻ മിഷനിൽ ഭരണാനുമതി ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) | ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ | (ബി) | ജല ജീവൻ മിഷനിൽ ഭരണാനുമതിക്കായി |

| | | | |
|---|---|---|---|
| | കഴിയുമെന്ന് അറിയിക്കുമോ; | | സമർപ്പിച്ചിരിക്കുന്ന ഘടകങ്ങൾക്ക് അനുമതി ലഭിച്ച് 18 മാസത്തിനുള്ളിൽ (2022-ൽ) പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ജൽ ജീവൻ മിഷന്റെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് 1970.60 ലക്ഷം രൂപയുടെ ഭരണാനുമതി 21/08/2020 ൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ആയത് ദർഘാസ് ക്ഷണിച്ച് കരാർ നൽകി പണികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ